"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്-സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ, നഗര സഭകൾ എന്നിവയിൽ പതിനൊന്നിന പരിപാടിയുടെ ഭാഗമായോ അല്ലാതെയോ നിയമനം ലഭിച്ചവരും നിലവിൽ പത്തോ അതിലധികമോ വർഷമായി തുടർച്ചയായി പ്രവർത്തിച്ചു വരുന്നവരും നടപടിക്രമങ്ങൾ പാലിച്ച് നിയമനം ലഭിച്ചവരുമായ ലൈബ്രേറിയൻമാർ, ശിശുമന്ദിരം/ നഴ്സറി സ്കൂൾ ടീച്ചർമാർ, ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.2/2026/LSGD തീയതി,തിരുവനന്തപുരം, 03-01-2026

പരാമർശം:-
1. സ.ഉ(എം.എസ്) നം.88/2010/തസ്വഭവ തീയതി 03.05.2010
2. സ.ഉ(എം.എസ്) നം. 170/2010/തസ്വഭവ തീയതി 06.08.2010
3. സ.ഉ(എംഎസ്) നം.140/2014/തസ്വഭവ തീയതി 02.08.2014
4. സ.ഉ(കൈ) നം.74/2019/തസ്വഭവ തീയതി 27.06.2019
   തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.3.2025,
5. 06.08.2025, 28.10.2025 എന്നീ തീയതിയിലെ LSGD/PD/18225/ 2024-DEF7 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

1988-ൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പതിനൊന്നിന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 31/12/2000-ത്തിനോ അതിനുമുമ്പോ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി ചെയ്തുവന്നവരുമായ ലൈബ്രേറിയൻമാർ, ശിശുമന്ദിരം/ നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ പരാമർശം (1), (2), (3) പ്രകാരം പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തുകയുണ്ടായി. 19.08.2015 ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ 10 വർഷത്തിലധികമായി ജോലി ചെയ്തിരുന്ന പതിനൊന്നിന പരിപാടി പ്രകാരം സാംസ്കാരിക നിലയങ്ങളിൽ ജോലി നോക്കുന്നവരെ സ്ഥിരപ്പെടുത്താം എന്ന് തീരുമാനിച്ചിരുന്നുവെങ്കിലും തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ തൽക്കാലം തുടർനടപടികൾ മാറ്റി വച്ചിരുന്നു. 31.08.2018 ൽ 10 വർഷം സേവനം പൂർത്തിയാക്കിയ ലൈബ്രേറിയന്മാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തണമെന്ന ശിപാർശ 17.02.2021 ലെ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചെങ്കിലും ടി നിർദ്ദേശം പിൻവലിച്ചിരുന്നു. നിലവിലുള്ള, ചുവടെ പട്ടികയിൽ കൊടുത്തിട്ടുള്ള ജീവനക്കാർക്ക് നിലവിൽ മറ്റൊരു ജോലി കണ്ടുപിടിക്കുക ശ്രമകരമായതിനാലും ഗ്രാമപഞ്ചായത്തുകളിലെ നികുതി പിരിവ്, ഫ്രണ്ട് ഓഫീസ് പ്രവർത്തനം, ഓഫീസിന്റെ പൊതുവായ പ്രവർത്തനം തുടങ്ങിയ കാര്യങ്ങളിൽ ടി ജീവനക്കാരുടെ സഹായം ലഭ്യമാകുന്നുണ്ടെന്നും അവരുടെ പ്രതിമാസ വേതനത്തിനാവശ്യമായ തുക അതതു തദ്ദേശ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതു കൊണ്ടും അവരെ സ്ഥിരപ്പെടുത്തുന്നത് സർക്കാരിന് അധിക ബാധ്യത ഉണ്ടാക്കില്ലെന്നും പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ജീവനക്കാരെ സ്ഥിരപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യതയും ചുവടെകൊടുത്തിട്ടുള്ളതുപ്രകാരം അറിയിച്ചിട്ടുണ്ട്.

| | ലൈബ്രേറിയൻ | ശിശുമന്ദിരം/നഴ്സറി സ്കൂൾ ടീച്ചർ | ആയ |
|---|---|---|---|
| പതിനൊന്നിന പരിപാടിയുടെ ഭാഗമായി | | | |

| | | | |
|---|---|---|---|
| നിയമനം ലഭിച്ചവരും നിലവിൽ തുടർച്ചയായി പത്തോ അതിലധികമോ വർഷം ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയുന്നവർ | 122 | 31 | 27 |
| പതിനൊന്നിന പരിപാടിയുടെ ഭാഗമായി ദിവസ വേതനാടിസ്ഥാനത്തിൽ നിലവിൽ തുടർച്ചയായി പത്തോ അതിലധികമോ വർഷം ജോലി ചെയുന്നവർ | 3 | 3 | 4 |
| പതിനൊന്നിന പരിപാടിയുടെ ഭാഗമല്ലാതെ മറ്റ് ഓണറേറിയം വ്യവസ്ഥയിൽ നിയമനം ലഭിച്ചവരും നിലവിൽ തുടർച്ചയായി പത്തോ അതിലധികമോ വർഷം ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയുന്നവർ | 9 | 2 | 2 |
| എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പാർട്ട് ടൈം ആയി നിയോഗിച്ച് ഓണറേറിയം/ദിവസവേതനാടിസ്ഥാന രീതിയിലേക്ക് മാറ്റി നിയമിച്ച് നിലവിൽ പത്തോ അതിലധികമോ വർഷം ജോലി ചെയുന്നവർ | 4 | ഇല്ല | 1 |
| ആകെ | 138 | 36 | 34 |

| | ലൈബ്രേറിയൻ | നഴ്സറി ടീച്ചർ | ആയ |
|---|---|---|---|
| നിലവിലുള്ള ഓണറേറിയം | 12,000/- | 12,000/- | 8,000/- |
| അടിസ്ഥാന ശമ്പളം(പാർട്ട് ടൈം കണ്ടിൻജന്റ് ) + 10% അതാത് തദ്ദേശ സ്ഥാപനങ്ങൾ | 14,800/- + 1,480/- = 16,280/- | 14,800/- + 1,480/- = 16,280/- | 11,500/-+ 1,150= 12,650/- |
| അധികമായി വരുന്ന ബാദ്ധ്യത | 4,280/- | 4,280/- | 4,650/- |
| ഒരു വർഷത്തേക്ക് ഉണ്ടാകുന്ന അധിക ബാദ്ധ്യത | 51,360/- | 51,360/- | 55,800/- |
| ആകെ ബാദ്ധ്യത | 70,87,680/- | 18,48,960/- | 18,97,200/- |

| | |
|---|---|
| ഒരു വർഷത്തേക്കുള്ള അധിക സാമ്പത്തിക ബാദ്ധ്യത | 1,08,33,840/- |

2) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ, നഗര സഭകൾ എന്നിവിടങ്ങളിലെ സാംസ്കാരിക നിലയങ്ങളിലും, പഞ്ചായത്ത് ലൈബ്രറികളിലും, ശിശു മന്ദിരങ്ങളിലും, നഴ്സറി സ്കൂളുകളിലും ഓണറേറിയം/ദിവസ വേതന അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നവരുമായ ലൈബ്രേറിയൻമാർ, ശിശുമന്ദിരം/ നഴ്സറി സ്കൂൾ ടീച്ചർമാർ, ആയമാർ എന്നിവരുടെ നിയമന രീതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

| ക്രമ നമ്പർ | നിയമനരീതി | എണ്ണം |
|---|---|---|
| 1 | പത്രപരസ്യം, എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവ മുഖേന | 2 |
| 2 | പത്രപരസ്യം, അഭിമുഖം എന്നിവ മുഖേന | 112 |
| 3 | അഭിമുഖം മുഖേന | 57 |
| 4 | പത്രപരസ്യം മാത്രം മുഖേന | 1 |
| 5 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അഭിമുഖം മുഖേന | 5 |
| 6 | ആശ്രിത നിയമനം മുഖേന | 1 |
| 7 | പഞ്ചായത്ത് ഭരണ സമിതി തീരുമാനം മാത്രം | 21 |
| 8 | നിയമനവിവരം ലഭ്യമല്ല | 9 |
| | ആകെ | 208 |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലേയും നഗര സഭകളിലേയും സാംസ്കാരിക നിലയങ്ങളിലും പഞ്ചായത്ത് ലൈബ്രറികളിലും ശിശു മന്ദിരങ്ങളിലും നഴ്സറി സ്കൂളുകളിലും ഓണറേറിയം/ദിവസ വേതന അടിസ്ഥാനത്തിൽ (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പാർട്ട് ടൈം ആയി നിയോഗിച്ച് ഓണറേറിയം/ദിവസ വേതന രീതിയിലേക്ക് മാറ്റിയവർ ഉൾപ്പെടെ) പതിനൊന്നിന പരിപാടിയുടെ ഭാഗമായോ അല്ലാതെയോ നിയമനം ലഭിച്ചവരും നിലവിൽ പത്തോ അതിലധികമോ വർഷമായി തുടർച്ചയായി പ്രവർത്തിച്ചു വരുന്നവരും നടപടിക്രമങ്ങൾ പാലിച്ച് നിയമനം ലഭിച്ചവരുമായ ചുവടെ കൊടുത്തിട്ടുള്ള പട്ടികപ്രകാരമുള്ളതും അനക്സറിൽ ചേർത്തിട്ടുള്ള 86 ലൈബ്രേറിയന്മാർ, 22 നഴ്സറി സ്കൂൾ/ശിശുമന്ദിരം ടീച്ചർമാർ, 14 ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക നിലയങ്ങളിലും പഞ്ചായത്ത് ലൈബ്രറികളിലും ശിശു മന്ദിരങ്ങളിലും നഴ്സറി സ്കൂളുകളിലും പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികകളിൽ തുടർന്നുണ്ടാകുന്ന ഒഴിവുകളിൽ, ഒഴിവ് വരുന്ന മുറയ്ക്ക് മാത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ തുടർച്ചയ്ക്കും ആവശ്യകതയ്ക്കും വിധേയമായി നിയമാനുസൃത നടപടികൾ പാലിച്ച്, സർവീസിൽ സ്ഥിരപ്പെടുത്തണമെന്ന വാദം ഉന്നയിക്കുകയില്ല എന്ന സത്യവാങ്മൂലം വാങ്ങിയതിനുശേഷം പരാമർശം (4) ന് വിധേയമായി മാത്രമേ മേൽ തസ്തികകളിൽ പുതിയ നിയമനം നടത്താൻ പാടുള്ളൂ എന്നും വ്യവസ്ഥ ചെയ്യുന്നു.

| | ലൈബ്രേറിയൻ | നഴ്സറി ടീച്ചർ | ആയ | ആകെ |
|---|---|---|---|---|
| | നോട്ടിഫിക്കേഷൻ & ഇന്റർവ്യൂ | നോട്ടിഫിക്കേഷൻ & ഇന്റർവ്യൂ | നോട്ടിഫിക്കേഷൻ & ഇന്റർവ്യൂ | |
| പതിനൊന്നിന പരിപാടിയുടെ ഭാഗമായി ഓണറേറിയം വ്യവസ്ഥയിൽ | | | | |

| | | | | |
|---|---|---|---|---|
| നിയമനം ലഭിച്ച് നിലവിൽ പത്തോ അതിലധികമോ വർഷമായി ജോലി ചെയ്യുന്നവർ | 79 | 20 | 11 | 110 |
| പതിനൊന്നിന പരിപാടിയുടെ ഭാഗമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമനം ലഭിച്ച് നിലവിൽ പത്തോ അതിലധികമോ വർഷമായി ജോലി ചെയ്യുന്നവർ | 0 | 2 | 2 | 4 |
| മറ്റ് ഓണറേറിയം വ്യവസ്ഥയിൽ നിയമനം ലഭിച്ച് നിലവിൽ പത്തോ അതിലധികമോ വർഷമായി ജോലി ചെയ്യുന്നവർ | 3 | 0 | 0 | 3 |
| എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായവർ | 4 | | 1 | 5 |
| ആകെ | 86 | 22 | 14 | 122 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം. 3483 തീയതി 31.12.2025 പ്രകാരം)
ധനകാര്യ വകുപ്പ് (നം. Dev-1/82/2025-Fin. തീയതി 08.05.2025 പ്രകാരം)
നിയമ വകുപ്പ് (നം. OPN-D3/178/2025-LAW തീയതി 13.08.2025 പ്രകാരം)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/196/2023-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 03-01-2026 13:18:35